# അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്

ഐ.എസ്.ഒ. 9001:2015 സർട്ടിഫൈഡ്

Ph: 0483 2850047 email:bpoakd@gmail.com



# 2026-27 വാർഷിക ബഡ്ജറ്റ്



# ജനപ്രതിനിധികൾ



**ശ്രീമതി പ്രിയങ്കഗാന്ധി**
(എം.പി. വയനാട്)



**ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ**
(എം.പി., മലപ്പുറം)



**ശ്രീ. പി.കെ. ബഷീർ**
എം.എൽ.എ.
ഏറനാട്



**ശ്രീ. ടി.വി. ഇബ്രാഹിം**
എം.എൽ.എ.
കൊണ്ടോട്ടി



**ശ്രീ. പി. ഉബൈദുല്ല**
എം.എൽ.എ.
മലപ്പുറം

# ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി



**ശ്രീമതി ആയിഷ കെ.ടി**
പ്രസിഡന്റ്



**ശ്രീ സി.ടി അബ്ദുറഹിമാൻ**
വൈസ് പ്രസിഡന്റ്



**ശ്രീമതി സമിത ഹരിദാസ്**
വികസന സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**ശ്രീ ഹൈദ്രു വെള്ളച്ചാലി**
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**ശ്രീമതി ബുഷ്റ എ . എം**
ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**എം കെ കുഞ്ഞിമുഹമ്മദ്**



**ഷിജോ ആന്റണി**



**അബ്ദുൽ ഹമീദ് കെ**



**വി പി ലുക്ക്മാൻ**



**ഹസ്ന എം**



**ജലീല അമ്പാഴത്തിങ്ങൽ**



**ഷഹർബാൻ ശരീഫ്**



**ദിവ്യ ടി**



**ഫാത്തിമത്ത് സുഹ്റ .എസ്**



**സുബൈദ അബ്ദുള്ള**



**ഷൈജു കാവുതൊടി**



**സഫ ബാസില പി**



**ലത്തീഫ് വെള്ളേരി**



**സൈനുൽ ആബിദ്**



**ഷാജു കെ എസ്**
(സെക്രട്ടറി)



പ്രിയമുള്ളവരെ

അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് 2026-27 വാർഷിക ബജറ്റ് യോഗത്തിൽ പങ്കെടുക്കുന്ന ബഹു. ബ്ലോക്ക് വൈസ് പ്രസിഡന്റ് സി ടി അബ്ദുറഹിമാൻ, വിവിധ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ മറ്റ് ഭരണ സമിതി അംഗങ്ങൾ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ എല്ലാവർക്കും നമസ്കാരം.

നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്ന ഈ സുപ്രധാന വേളയിൽ എല്ലാവരേയും ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ഭരണസമിതി അധികാരത്തിൽ വന്നതിന് ശേഷമുള്ള ആദ്യത്തെ ബജറ്റാണിത്. കഴിഞ്ഞ വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ജനകീയ പദ്ധതികളുടെ തുടർച്ചയും വരും വർഷങ്ങളിൽ നമ്മുടെ നാടിനാവശ്യമായ നവീനമായ വികസന കാഴ്ചപ്പാടുകളും സമന്വയിപ്പിച്ചുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

ഈ ബജറ്റിൽ നാം പ്രധാനമായും ഊന്നൽ നൽകുന്നത് താഴെ പറയുന്ന മേഖലകൾക്കാണ്.

**കാർഷിക മേഖല:**

ബ്ലോക്കിന് കീഴിലുള്ള കൃഷി ഭൂമികളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാനും തരിശുരഹിത ഗ്രാമങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്ന പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ആരോഗ്യ വിദ്യഭ്യാസം:**

ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം സ്കൂളുകളിൽ ആധുനിക പഠനസൗകര്യങ്ങൾ ഉറപ്പാക്കൽ എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുന്നു.

ശുചിത്വവും പരിസ്ഥിതിയും മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് പരിഹാരങ്ങൾ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സ്ത്രീ ശാക്തീകരണം**

സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളെ നമ്മുടെ പ്രാദേശിക ആവശ്യങ്ങൾക്കായി സംയോജിപ്പിച്ച് പരമാവധി ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് നമ്മുടെ ദൗത്യം. വിഭവപരിമിതികൾക്കിടയിലും ജനകീയ പങ്കാളിത്തത്തോടെ ഏറ്റവും മികച്ച വികസന മാതൃകകൾ സൃഷ്ടിക്കാൻ നമുക്ക് സാധിക്കുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കായി ബജറ്റ് വഴി തുറക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ബജറ്റ് അവതരിപ്പിക്കുന്നതിനായി ധനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ കൂടിയായ വൈസ് പ്രസിഡണ്ട് ശ്രീ. സി.ടി അബ്ദുറഹിമാനെ സ്നേഹപൂർവ്വം ക്ഷണിച്ചുകൊണ്ട് ഞാൻ ഈ നയ പ്രസംഗം അവസാനിപ്പിക്കുന്നു.

**വി.പി. ആയിശ**
പ്രസിഡണ്ട്,
അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്



ആദരണീയയായ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈ ബജറ്റ് സമ്മേളനത്തിന്റെ അദ്ധ്യക്ഷയുമായ ആയിശ വി പി സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺസ് സമിത ഹരിദാസ്, ശ്രീമതി ബുഷ്റ, ശ്രീ ഹൈദ്രു സാഹിബ്, പ്രിയപ്പെട്ട സെക്രട്ടറി ഷൈജു കെ എസ്, പ്രിയപ്പെട്ട ബ്ലോക്ക് മെമ്പർമാർ നമ്മുടെ പദ്ധതികൾ പ്രവർത്തിപഥത്തിലെത്തിച്ച നമ്മെ സഹായിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥരെ, സഹോദരി സഹോദരന്മാരെ, എല്ലാവർക്കും നമസ്കാരം.

സർവ്വ ശക്തനായ ദൈവത്തിന്റെ നാമത്തിൽ തുടങ്ങുന്നു. എന്നെ ഈ ബജറ്റവതരണത്തിനു പ്രാപ്തമാക്കിയ ദൈവത്തിന് സ്തുതി. അതിലുപരി ഈ ബജറ്റ് ഈ ഭരണസമിതിയുടെ കന്നി ബജറ്റും അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 32-ാമത്തെ ബജറ്റുമാണ്. അരീക്കോട് ബ്ലോക്കിന്റെ പ്രഥമ പ്രസിഡന്റ് കാവനൂർ പി മുഹമ്മദ്, പി കെ ഉമ്മാച്ചുകുട്ടി, എ ഷൗക്കത്തലി, എം സി മുഹമ്മദാജി, പറമ്പൻ ലക്ഷ്മി, പി റുഖിയ ഷംസു തുടങ്ങിയ മഹത് വ്യക്തിത്വങ്ങൾ ഈ ബ്ലോക്ക് പഞ്ചായത്തിനെ ഇന്നത്തെ നിലയിലേക്ക് എത്തിക്കുവാൻ നടത്തിയ കഠിന പരിശ്രമങ്ങളെ ഞാൻ അനുസ്മരിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. നമുക്കും നമ്മളാലായത് ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. അണ്ണാറക്കണ്ണനും തന്നാലായത് എന്നപോലെ

ബജറ്റിൽ തുക വകയിരുത്തി പദ്ധതികൾ രൂപപ്പെടുത്തി അവയ്ക്ക് അംഗീകാരം നേടിയത്കൊണ്ട് മാത്രമായില്ല, പദ്ധതി പണം സമയബന്ധിതമായി ചിലവഴിക്കാൻ പറ്റിയില്ലെങ്കിൽ പിന്നെന്തുണ്ട് പ്രയോജനം. പദ്ധതി നടപ്പിലാവാതിരിക്കാൻ കാരണങ്ങൾ പലതാണ്. പദ്ധതിയുടെ പേരു നിർദ്ദേശിക്കുമ്പോൾ ഉണ്ടാകുന്ന ശ്രദ്ധക്കുറവ് ഉണ്ടാക്കുന്ന സാങ്കേതിക പ്രശ്നങ്ങൾ, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ അനാവസ്ഥ, റിസ്ക്കെടുക്കേണ്ട എന്ന കാഴ്ചപ്പാട് ഇങ്ങനെ പലതും.

2025-26 വർഷത്തെ വാർഷിക പദ്ധതികൾ സംബന്ധിച്ച് നമുക്കിപ്പോഴും ആശങ്കകൾ ബാക്കിയാണ്. അതുകൊണ്ടാണ് സ്പിൽ ഓവർ ഇനത്തിൽ നമ്മൾ തുക മാറ്റിവെക്കേണ്ടിവരുന്നത്. നിർവ്വഹണം സംബന്ധിച്ച തർക്കങ്ങളും ഓഡിറ്റ് വിഭാഗത്തെ സംബന്ധിച്ചുള്ള പേടിയും ഉദ്യോഗസ്ഥരെ വല്ലാതെ പിറകോട്ട് വലിക്കുന്നു. ഇത് നമ്മുടെ ഓഫീസിലെ സ്റ്റാഫിന്റെ മാത്രം പ്രശ്നമല്ല. ഈ സിസ്റ്റത്തിന്റെ തകരാറാണ് എന്ന് ഞാൻ കരുതുന്നു.

ബജറ്റ് എന്നാൽ കണക്കിലെ കസർത്താണെന്ന് കരുതുന്നവരും ഉണ്ട്. എന്നാൽ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 വർഷത്തെ ബജറ്റിലെ കണക്കുകൾ വസ്തുതകളുമായി താരതമ്യപ്പെടുത്തുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഈ വർഷത്തെ നമ്മുടെ വിഭവസ്രോതസ്സുകൾ താഴെ പറയുന്നവയാണ്.

| | | |
|---|---|---|
| ജനറൽ പ്ലാൻ | : | 6,54,59,000 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | : | 3,59,46,000 |
| പട്ടികജാതി വിഹിതം | : | 2,80,04,000 |
| പട്ടികവർഗ്ഗ വിഹിതം | : | 17,99,000 |
| CFC ടൈഡ് | : | 1,10,85,000 |
| CFC അൺ ടൈഡ് | : | 73,90,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | : | 1, 17,60,000 |
| ഗ്രാമപഞ്ചായത്ത് വിഹിതം | : | 84,00.000 |
| ഗുണഭോക്തൃവിഹിതം | : | 25,00,000 |
| PMAY കേന്ദ്ര വിഹിതം | : | 1,88,63,600 |
| ജനറൽ പർപ്പസ് ഗ്രാന്റ് | : | 1,05,58,000 |
| ആകെ | : | **201674600** |
| തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ വരവ് | : | 38, 34, 000,00 |
| ആകെ | : | **58,50,74,600** |

# മേഖലാ വിഭജനവും സ്വഭാവം

| | | |
|---|---|---|
| പ്ലാൻഫണ്ട് ജനറൽ | : | 6,54,59,000 |
| PMAY നീക്കിയിരിപ്പ് | : | 1,30,91,800 |
| ബാലൻസ് | : | **5,23,67,200** |
| ഉത്പാദന മേഖല | : | 1,57,10,160 രൂപയും |
| സേവന മേഖല | : | 2,35,65, 240 രൂപയും |
| പശ്ചാത്തല മേഖല **(SO)** | : | 1,08,91,800 രൂപയുമാണ്. |
| ആകെ | : | **5,01,67,200** |

മെയിന്റനൻസ് ഗ്രാന്റ് ആകെ : **3,59,46,000**

ബ്ലോക്ക് പഞ്ചായത്തിന് വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കൽ, അവ പരിപാലിക്കൽ, അവയിലെ ദൈനംദിന നടത്തിപ്പ് എന്നിവയ്ക്ക് മാത്രം. മെയിന്റനൻസ് ഗ്രാന്റിൽ റോഡ് നവീകരണത്തിന് ഫണ്ടേയില്ല.

**നമ്മുടെ ബ്ലോക്കിന് കീഴിൽ പ്രവർത്തിച്ച് വരുന്ന ആരോഗ്യ സ്ഥാപനങ്ങൾ**

1 അരീക്കോട് താലൂക്കാശുപത്രി

2 എടവണ്ണ സി എച്ച് സി

3 ഊർങ്ങാട്ടിരി സി എച്ച് സി

4 ഓമാനൂർ സി എച്ച് സി

5 കുഴിമണ്ണ എഫ് എച്ച് സി

ഈ സ്ഥാപനങ്ങൾ മെയിന്റനൻസ് നോൺ റോഡ് ഫണ്ടുപയോഗിച്ച് പരിപാലിച്ച് വരുന്നു.

ആകെ തുക : **3,59,46,000**

| | | |
|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | : | 1,83,85,000 |
| CFC ടൈഡ് | : | 1,10,85,000 |
| CHC അൺ ടൈഡ് | : | 73,90,000 |
| 50% കുടിവെള്ളം | : | 55,42,500 |
| 50% ശുചിത്വം | : | 55,42,500 |
| ആകെ | : | 1,10,85,000 |

ഇത് മേൽ നിർദ്ദേശിച്ച ഉദ്ദേശത്തിന് മാത്രമെ ഉപയോഗിക്കാൻ പാടുള്ളു. എന്നാൽ സി എഫ് സി അൺടൈഡ് ആയ 73,90,000 യഥേഷ്ടം ബ്ലോക്കിന്റെ തീരുമാനപ്രകാരം ചിലവഴിക്കാം.

## പട്ടികവർഗ്ഗ വിഹിതം

പട്ടിക വർഗ്ഗ പ്ലാൻ മേഖലയിലാകെ 17, 99,000 രൂപയാണുള്ളത്.

PMAY വിഹിതം നീക്കിയിരിപ്പ് 3,59,800 കഴിച്ച് ബാക്കി 14,39,800 രൂപ

| | | |
|---|---|---|
| പശ്ചാത്തലം | : | **4,31,760 രൂപ** |
| സേവനം | : | **10,07,440 രൂപ** |

## പട്ടികജാതി വിഹിതം

| | | |
|---|---|---|
| പട്ടികജാതി പ്ലാൻ 2026-27 | : | **2,80,04,000** |
| PMAY വിഹിതം നീക്കിയിരിപ്പ് | : | **56,00,800** രൂപ കഴിച്ച് |
| ബാക്കി | : | **2,24,03,200** രൂപ |

അവ മേഖലകളായി തിരിക്കുമ്പോൾ പട്ടികജാതി സേവനമേഖലയിൽ 89,61,280 രൂപയും പശ്ചാത്തല മേഖലയിൽ 67,20,960 രൂപയും ഉത്പാദന മേഖലയിൽ 67,20,960 രൂപയുമാകുന്നു.

## തൊഴിലുറപ്പ് പദ്ധതി 2026- 2027

| | | |
|---|---|---|
| പ്രതീക്ഷിത വരവ് | : | **38,34,00,000** രൂപ |
| പ്രതീക്ഷിത തൊഴിൽ ദിനങ്ങൾ | : | **5,49,000** |

പ്രതീക്ഷിത നൂറ് ദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾ 3300

| | | |
|---|---|---|
| പ്രതീക്ഷിത ചിലവ് | : | **38,34,00,000** രൂപ |
| ജലസംരക്ഷണ പ്രവർത്തികൾ | : | **17,54,06,957** |
| ജീവനോപാതി മെച്ചപ്പെടുത്തൽ | : | **12,20,54,398** |
| കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾക്ക് | : | **77,60,000** |
| പശ്ചാത്തല മേഖല വികസനം | : | **7,60,41,524** |

# പാർപ്പിടം

മനുഷ്യൻ ഒരു സമൂഹജീവിയാണ്. മനുഷ്യന്റെ ഒന്നാമത്തെ ആവശ്യം ആണ് തന്റേതായ ഒരിടം എന്നത്. സ്വന്തമായി ഒരു വീട് എന്നത് ഏവരുടേയും സ്വപ്ന മാണ്. അത് ഒരു ഓലപ്പുരയാണെങ്കിലും.

*"നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്*

*അതിൽ നാരായണക്കിളി കൂടുപോലുള്ളൊരു നാലുകാലോലപ്പുരയുണ്ട്"*

എന്ന് പാടിയത് പോലെ വീട് ഒരു സുരക്ഷിത സ്ഥാനമാണ്. ഒരാളുടെ വീട്ടിൽ ആ വീട്ടുകാരുടെ അനുമതിയില്ലാതെ അതിക്രമിച്ചു കടക്കൽ ഭവന ഭേദനവും ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം നിയമവിരുദ്ധവുമാണ്. മാത്രമല്ല ജാമ്യമില്ലാത്ത കുറ്റവുമാണ്.

വീടില്ലാത്ത എത്രയോ മനുഷ്യർ നമ്മുടെ നാട്ടിൽ ഇനിയും ബാക്കിയുണ്ട്. അഴീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ മാത്രം സ്വന്തമായി വീടില്ലാത്ത രണ്ടായിര ത്തിലധികം പേരെങ്കിലും ഉണ്ടാവുമെന്നാണ് അനൗപചാരിക കണക്ക്.

*പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്കാകാശമുണ്ട്*

*മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിലിടമില്ല*

എന്ന് കമുകറ പുരുഷോത്തമൻ പാടിയതുപോലെ ഈ പ്രശ്നത്തെ അഭിമു ഖീകരിക്കുവാൻ നമ്മളാൽ ആവും വിധം ഇടപെടണമെന്ന് ഈ ഭരണസമിതി ആഗ്രഹിക്കുന്നു. ആറു കോടിയോളം രൂപ ഭവന പദ്ധതികൾക്കായി നാം നീക്കി വെച്ചിരിക്കുന്നു.

| | | |
|---|---|---|
| കേന്ദ്ര വിഹിതം | : | 1,88,63,600 |
| ബ്ലോക്ക് വിഹിതം | : | 1,30,91,800 |
| ബ്ലോക്ക് പട്ടികജാതി ഭവന മേഖല നീക്കിയിരിപ്പ് | : | 56,00,800 |
| പട്ടിക വർഗ്ഗ മേഖല നീക്കിയിരിപ്പ് | : | 3,59,800 |
| ജില്ലാ പഞ്ചായത്ത് വിഹിതം | : | 1,17,60,000 |
| ഗ്രാമപഞ്ചായത്ത് വിഹിതം | : | 84,00,000 |
| ആകെ | : | **58076000** |

രൂപ നമ്മൾ ഈ ബജറ്റിൽ നീക്കിവച്ചിരിക്കുന്നു.

# ഭിന്നശേഷിക്കാരോടൊപ്പം

നമുക്ക് ദൈവം എല്ലാ അനുഗ്രഹങ്ങളും ചെയ്ത് തന്നു എന്നാൽ അംഗപരിമിതരായ മനുഷ്യരും സമൂഹത്തിലുണ്ട്. നമുക്ക് അവരോട് ഐക്യപ്പെടുകയും അവരെ ചേർത്ത് പിടിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. നമ്മുടെ ബ്ലോക്കിന് കീഴിൽ വരുന്ന ഭിന്നശേഷി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിന് വേണ്ടി 2026-27 വാർഷിക ബജറ്റ് 70,00,000 രൂപ നമ്മൾ നീക്കി വച്ചിരിക്കുന്നു. ഈ തുക മതിയാകാത്ത പക്ഷം ആവശ്യമായ ഘട്ടത്തിൽ മതിയായ തുക കണ്ടെത്തി നൽകുമെന്നും ഇതിനാൽ പ്രഖ്യാപിക്കുന്നു.

# കുടിവെള്ളം

അരീക്കോട് ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലും ചെറുതും വലുതുമായ ധാരാളം കുടിവെള്ള പദ്ധതികളുണ്ട്. എന്നാൽ പലയിടങ്ങളിലും കുടിവെള്ളം കിട്ടാതെ ആളുകൾ വിഷമിക്കുന്നുണ്ട് എന്നത് ഏറെ സങ്കടകരമാണ്. വൻകിട പദ്ധതികളിലെ ജല ലഭ്യതക്കുറവ് അല്ലെങ്കിൽ പദ്ധതികൾ നടപ്പിൽ വരുത്തുമ്പോൾ ഉയരങ്ങളിലേക്ക് വെള്ളമെത്തിക്കുന്നത് സംബന്ധിച്ച ദീർഘവീക്ഷണമില്ലായ്മ ടാങ്കുകളോ കിണറുകളോ വിതരണ പൈപ്പുകളോ ഉണ്ടായിട്ടുള്ള കുടിവെള്ള വിതരണ സ്തംഭനം ഇതെല്ലാം ഈ രംഗത്തെ പ്രധാന വല്ലുവിളികളാണ്. അനധികൃതമായ പ്രകൃതി ചൂഷണങ്ങൾ ഭൂമിക്കടിയിലെ ജലവിതാനം താഴ്ന്നുപോയിക്കൊണ്ടിരിക്കുന്നതായും പുതിയ പഠനങ്ങൾ വിളിച്ച് പറയുന്നുണ്ട്. പെട്രോളിന് വേണ്ടി എന്ന പോലെ കുടിവെള്ളത്തിന് വേണ്ടിയും യുദ്ധം നടക്കാൻ സാധ്യതയുള്ള ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഒരു കുഞ്ഞിന് ദാഹജലത്തിനായി ഒരമ്മ രണ്ട് മലകൾക്കിടയിലൂടെ ഓടിയ കഥ ഓർക്കുന്നു.

***വറ്റി വരണ്ട തൊണ്ടയിൽ നിന്നുയർന്ന***
***ദീനരോധനം കേട്ടോടിയല്ലോ ഹാജറ***
***സഫ മർവ്വ കുന്നുകൾക്കിടയിലൂടെ (2)***
***കിട്ടിയില്ലൊരിറ്റും (2)***
***പ്രാണ വേദനയാൽ കാലിട്ടടിക്കുന്ന***
***ആ കുഞ്ഞിളം പൈതലിൻ മടമ്പിൻ***
***ചുവട്ടിൽ നിന്നും പൊട്ടിയൊലിച്ചുവല്ലോ***
***സംസം ജലപ്രവാഹം (2)***
***കോടികൾ കോടാനുകോടികൾ***
***മുക്കിക്കുടിച്ചും വണ്ടികൾ പാത്രങ്ങളിലായ്***
***പരന്നൊഴുകുന്നു ഇന്നും***
***വറ്റാത്ത, വല്ലാത്ത, മഹാത്ഭുതമായി.***

ഒരമ്മയുടെ പ്രാർത്ഥനയുടെ ഫലമാണ് ഈ ചരിത്രസംഭവം

നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഈ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ അനുദിനം ദുർബലമായികൊണ്ടിരിക്കുന്ന നിലവിലുള്ള ചെറുകിട കുടിവെള്ള പദ്ധതികളിൽ കൈ വെക്കാൻ നമ്മളാഗ്രഹിക്കുന്നു. 9 ചെറുകിട കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾക്കായി 67,52,500 രൂപ നമ്മൾ ബജറ്റിൽ നീക്കി വച്ചിരിക്കുന്നു.

## വനിതാക്ഷേമം

ആധുനിക മനുഷ്യന്റെ പരിചഛേദം എന്ന് പറയുന്നത് സ്ത്രീയാണ്. ഇന്നിന്റെ സങ്കടവും ആധുനിക സമൂഹത്തിന്റെ വെല്ലുവിളിയും കേവലമെങ്കിലും സ്ത്രീ തന്നെയാണ്. സ്ത്രീ അമ്മയാണ്, ഭാര്യയാണ്, സഹോദരിയാണ്, മകളാണ് അവർ നമ്മുടെ എല്ലാമെല്ലാമാണ്. ഇന്ന് ജീവിക്കുന്ന ഒരു ചിന്തകന്റെ വാക്കുകൾ കടമെടുത്ത് പറഞ്ഞാൽ പ്രായമായ ദുർബലയായ അമ്മക്ക് നേരെ കാലോങ്ങുന്ന മകനെ നോക്കി അമ്മയുടെ വയറ്റത്ത് കിടക്കുന്ന പൊക്കിൾകൊടി മുദ്ര തേങ്ങി കരയുന്നുണ്ടാവും എന്ന്. മാതാവിന്റെ കാൽചുവട്ടിലാണ് സ്വർഗ്ഗം എന്ന് പ്രവാചകൻ അരുൾ ചെയ്തിട്ടുണ്ട്.

അപ്പോൾ ഭാര്യയെക്കുറിച്ചോ...

*“പൂമുഖ വാതിലിൽ സ്നേഹം തുളുമ്പുന്ന*
*പൂന്തിങ്കളാകുന്നു ഭാര്യ”*

എന്നാണ് കവി പാടിയത്. നമ്മുടെ സഹോദരിമാരെ സാമ്പത്തികമായി ഉയർത്താനും അവരുടെ ആരോഗ്യ സംരക്ഷണത്തിലും ചെറിയ പങ്ക് വഹിക്കുവാൻ നമ്മളും ആഗ്രഹിക്കുന്നു. വനിത ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിന് ഒരു ഗ്രൂപ്പിന് രണ്ട് ലക്ഷം വച്ച് 36 ലക്ഷം രൂപ നമ്മൾ നീക്കി വച്ചിരിക്കുന്ന. അവരുടെ ആരോഗ്യ സംരക്ഷണത്തിന് നിത്യ വ്യായാമകേന്ദ്രങ്ങൾ തുടങ്ങുന്നതിനായി അരീക്കോട് ബ്ലോക്കിന് കീഴിൽ 7 ഫിറ്റനസ് കേന്ദ്രങ്ങൾ സ്ഥാപിക്കാനുംകൂടി ആകെ 72,60,20,960 രൂപ നമ്മൾ നീക്കി വച്ചിരിക്കുന്നു.

## വയോജനങ്ങളും കുട്ടികളും

വയോജനങ്ങളേയും കുട്ടികളേയും നമുക്ക് അവഗണിക്കാൻ കഴിയില്ല. അവർ പ്രത്യേകം പരിഗണന അർഹിക്കുന്നു. അവർക്ക് ഉല്ലാസ യാത്രയ്ക്കും ഉല്ലാസ കേന്ദ്രം സ്ഥാപിക്കാനും അവർക്ക് രണ്ട് ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കാനായി 10 ലക്ഷം രൂപയും ആകെ 37,10,000 രൂപ ഈ ബജറ്റിൽ നീക്കി വയ്ക്കുന്നു.

## കാർഷിക മേഖല

കൃഷിയാണ് നമ്മുടെ ഭക്ഷണം അതാണ് രാജ്യത്തിന്റെ നട്ടെല്ല്. അതുകൊണ്ട് തന്നെ കർഷകർ നേരിടുന്ന വെല്ലുവിളികൾ നമ്മുടേതുകൂടിയാണ്. വന്യമൃഗശ

ല്യത്തിന്റെ തീഷ്ണത അനുഭവിച്ചറിഞ്ഞുകൊണ്ടേയിരിക്കുന്ന ഒരു കർഷകനാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത്. ആനയും പുലിയും, പന്നിയും കുരങ്ങും, മയിലും തുടങ്ങി എല്ലാ വിധ ശല്യങ്ങളും അതിരു കടന്നനുഭവിക്കുന്ന ഊർങ്ങാട്ടിരി എടവണ്ണ ഗ്രാമപഞ്ചായത്തുകൾ നമ്മുടെ ബ്ലോക്കിലാണ്. അവരുടെ കൂടി ആവശ്യം പരിഗണിച്ച് സൗരോർജ്ജ വേലി സ്ഥാപിക്കുന്നതിനായി എട്ട് ലക്ഷം രൂപ അനുവദിക്കുന്നു. പൂവിത്തുകൾ, പൂത്തൈകൾ എന്നിവ വിതരണം ചെയ്യൽ, പച്ചക്കറി ഗ്രാമം പദ്ധതി, കിസാൻ മേള, പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ്, നെൽകൃഷിക്ക് കൂലിച്ചെലവ്, ജലസേചന കുളങ്ങൾ, എസ് സി കുടുംബങ്ങൾക്ക് പച്ചക്കറി തൈകൾ മുതലായ വിവിധ പദ്ധതികൾക്കായി 82,20,960 രൂപ ഈ ബജറ്റിൽ നീക്കി വച്ചിരിക്കുന്നു.

## ക്ഷീര കർഷകർ

സമൂഹത്തിലെ 12 ലക്ഷത്തിലധികം പേർ ഉപജീവനം കഴിയുന്ന ഒരു മേഖലയാണ് ക്ഷീരകൃഷി. ഗ്രാമീണ തലത്തിൽ പാലും അതിന്റെ ഉപോത്പന്നങ്ങളും വില്പന നടത്തി അനേകായിരം പേർ ജീവിക്കുന്നു. അവരെ നമ്മൾ കണക്കിലെടുക്കുന്നു. ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സീഡി വൈക്കോലിന് സബ്സീഡി, ഗ്രൂപ്പുകൾക്ക് പശു വിതരണം, തുടങ്ങി ബഹുമുഖ പദ്ധതികൾ നാം മുന്നോട്ട് വെക്കുന്നു. ആയതിന് 54,10,000 രൂപ ഈ ബജറ്റിൽ നീക്കി വച്ചിരിക്കുന്നു.

## ചെറുകിട വ്യവസായം

ഉത്പാദനം കാര്യമായും ലക്ഷ്യമിടുന്നത്. കൃഷി, ക്ഷീരവികസനം, വ്യവസായം എന്നിങ്ങനെയാണ്.

പുതിയ തൊഴിൽ മേഖലയിലേക്ക് കടക്കാതെ നമുക്ക് ഒരടി മുന്നോട്ട് പോവാൻ കഴിയില്ല. തൊഴിൽ മേഖലയെ ലക്ഷ്യമിട്ട് പുതിയ നൂതനപദ്ധതികൾ നടപ്പിലാക്കുവാൻ ആരു തയ്യാറാവുന്നില്ല എന്നത് ഖേദകരമാണ്. വലിയ സംരംഭക പദ്ധതികൾ കൊണ്ട് വരാൻ ബ്ലോക്ക് പഞ്ചായത്തിനുള്ള സാമ്പത്തിക പരിമിധി അനുവദിക്കുന്നില്ലെന്നെല്ലാവർക്കുമറിയാം. ഉത്പാദന മേഖലയിൽ എന്നല്ല. എല്ലാ മേഖലയിലും സർക്കാരുകൾ ബ്ലോക്ക് പഞ്ചായത്തുകളെ അവഗണിക്കുകയാണെന്ന ആക്ഷേപം ഞാനിവിടെ ഉന്നയിക്കുന്നു. എങ്കിലും ചെറുകിട വ്യവസായ മേഖലയിൽ ഒരു ചെറിയ കാൽവെയ്പ്പ് നടത്താൻ നമ്മളും ശ്രമിക്കുകയാണ് വനിത കൂട്ട് സംരംഭങ്ങൾ എസ് സി സംരംഭക ഗ്രൂപ്പുകൾക്ക് (51 ശതമാനം എസ്. സി. കുടുംബാഗങ്ങൾ ഉള്ള) ജനറൽ വിഭാഗങ്ങൾക്കും കൂടി 87,30,160 രൂപ ഈ ബജറ്റിൽ നീക്കി വച്ചിരിക്കുന്നു.

## പട്ടിക ജാതി കുടുംബങ്ങൾ

വികസന പ്രക്രിയകളിൽ ഇനിയും 100 % ഭാഗവാക്കാൻ കഴിയാത്ത ഒരു ജനതയായി ഇപ്പോഴും അവർ തുടരുകയാണ്. അർഹിക്കുന്ന വികസനം അവർക്ക് എത്തിച്ച് കൊടുക്കുക എന്നത് സർക്കാരുകളുടേയും സമൂഹത്തിന്റേയും ഉത്തരവാദിത്തമാണ്. അവരെ മുഖ്യധാരയിലേക്ക് കൊണ്ട് വരേണ്ടതുണ്ട്. പട്ടിക ജാതി കുട്ടികൾക്ക് പഠനമുറികൾ, പെൺകുട്ടികൾക്ക് വിവാഹധനസഹായം, പട്ടികജാതി ഗ്രൂപ്പുകൾക്ക് പശു വിതരണം, ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ ഗ്രൂപ്പുകൾക്ക് ധന സഹായം, എസ് സി നഗറുകൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ തുടങ്ങിയവയ്ക്കായി 2,80.4000 രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു.

## പൊതുജന ആരോഗ്യം

പൊതുജന ആരോഗ്യം ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ടതുമായ ഒരു മേഖലയാണ്. ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനേക്കൾ പ്രാധാന്യമേറിയതാണ് പരിസര ശുചീകരണവും മാലിന്യ സംസ്കരണവും. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞ് കവിയുന്ന ഈ കാലത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നോക്ക്കുത്തിയായി നിൽക്കാൻ കഴിയില്ല. ചെറിയ അളവിലാണെങ്കിലും നമ്മളുടെ ഗ്രാമപഞ്ചായത്തുകളും അതിലേക്ക് നടന്നടുത്ത് തുടങ്ങിയിട്ടുണ്ട്. തത്ഫലമായി നമ്മുടെ ബ്ലോക്കിലെ ചില ഗ്രാമപഞ്ചായത്തുകളിലെങ്കിലും എം സി എഫുകൾ ഉയർന്ന് കഴിഞ്ഞു. മാലിന്യ നിർമ്മാർജ്ജനം പരമപ്രധാനമായി കാണുന്നു. അതോടൊപ്പം നമ്മുടെ ആരോഗ്യ കേന്ദ്രങ്ങളെ പൊന്നുപോലെ പരിപാലിക്കുകയും പരിരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. കേരളത്തിൽ തന്നെ മികച്ച ആശുപത്രി സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് പ്രധാനം ചെയ്യാൻ ഭാഗ്യം ലഭിച്ച ഒരു ബ്ലോക്ക് പഞ്ചായത്താണ് നമ്മുടേത്. ഈ ബ്ലോക്കിന് കീഴിൽ നാല് സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളും ഒരു കുടുംബാരോഗ്യ കേന്ദ്രവും പ്രവർത്തിച്ച് വരുന്നു. പ്രതിദിനം മൂവായിരത്തിൽ പരം രോഗികളെ നാം ശുശുശ്രൂഷിക്കുന്നു എന്നത് അഭിമാനകരമാണ്. അവർക്കെല്ലാം മരുന്നും സൗജന്യമായി നൽകുന്നു. അരീക്കോട് താലൂക്ക് ആശുപത്രി, എടവണ്ണ കമ്യൂണിറ്റി ഹെൽത്ത് സെന്റർ ഓമാനൂർ സി എച്ച് സി, ഊർങ്ങാട്ടിരി സി എച്ച് സി, എഫ്.എച്ച്.സി. കുഴിമണ്ണ എന്നിവയുടെ നടത്തിപ്പ്, പരിപാലനം, തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ചെയ്ത് തീർക്കേണ്ടതുണ്ട്. ഈവനിംഗ് ഒ പി ജീവനക്കാർക്ക് ശമ്പളം നൽകാൻ മാത്രമായി 50 ലക്ഷം രൂപയും മരുന്ന് വിതരണത്തിന് വേണ്ടി മാത്രം ഒരു കോടി 11 ലക്ഷം രൂപയും ഉൾപ്പെടെ 4,59,40,000 രൂപ ആരോഗ്യമേഖലക്കും ഈ ബജറ്റിൽ നീക്കി വച്ചിരിക്കുന്നു.

## പശ്ചാത്തലം

ജനപ്രതിനിധികളെ സംബന്ധിച്ചും സാധാരണക്കാരായ വോട്ടർമാരെ സംബ

സ്ഥിച്ചും വികസനം എന്നാൽ റോഡും പാലവും മരാമത്ത് പണികളുമാണെന്നാണ് കാഴ്ചപ്പാട്. പഞ്ചായത്ത് രാജ് നിയമം കേരളത്തിൽ നടപ്പിലായതിന് ശേഷമുള്ള മൂന്ന് പതിറ്റാണ്ട് കാലംകൊണ്ട്  കേരളത്തിലെ ഗ്രാമങ്ങൾ പാശ്ചാത്തല മേഖല യിൽ വൻ മുന്നേറ്റം നടത്തിക്കഴിഞ്ഞു. വാഹനസൗകര്യമില്ലാത്ത ഗ്രാമം എന്ന തിൽ നിന്നും മാറി ഒരു വാഹനസൗകര്യമില്ലാത്ത ഒരു വീടുപോലും ചിന്തിക്കാൻ കഴിയാത്ത ഒരു തലമുറയാണ് നമ്മുടേത്. ഗതാഗത സൗകര്യമില്ലാത്ത വീട്ടിലെ ആൺ കുട്ടികൾക്ക് പെൺകുട്ടികളെ കിട്ടുന്നില്ല എന്നതാണ് പുതിയ അനുഭവം. എന്തുകൊണ്ടും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ ഓരോ പ്രാദേശിക ഭരണകൂടങ്ങളുടേയും ഉത്തരവാദിത്തമാണ്. നമ്മുടെ ബ്ലോക്ക് പഞ്ചായത്തിൽ പശ്ചാത്തല സൗകര്യമൊരുക്കാൻ സെൻട്രൽ ഫിനാൻസ് ഗ്രാന്റ് ഇനത്തിൽ 73,00000 രൂപയും ജനറൽ പശ്ചാത്തല മേഖലയിൽ 10891800 രൂപയും എസ് സി പശ്ചാത്തല മേഖലയിൽ 6220960 രൂപയും പട്ടിക വർഗ്ഗ പശ്ചാത്തല മേഖലയിൽ 431760 രൂപയും ഉൾപ്പെടെ 2,5843520 രൂപയും ഈ ബജറ്റിൽ നീക്കി വച്ചിരിക്കുന്നു.

## സമാപനം

എന്റെ കയ്യിൽ മാന്ത്രിക വിദ്യകളൊന്നുമില്ല ഇന്ദ്രജാലംകൊണ്ട് നിങ്ങളുടെ മുഖം മറക്കാൻ എനിക്ക് കഴിയുകയുമില്ല. സത്യസന്ധരായ ഉദ്യോഗസ്ഥരുടെ സഹായത്തോടെയും മറ്റും പരമാവധി ഈ ബജറ്റിനെ കുറ്റംമറ്റതാക്കാൻ പരിശ്രമിച്ചിട്ടുണ്ട്. എങ്കിലും ഇതൊരു സമ്പൂർണ്ണ ബജറ്റാണെന്ന് കരുതുന്നില്ല. പോരായ്മകൾ പരിഹരിക്കാൻ ഇനിയും അവസരമുണ്ടാവുമെന്ന് കരുതുന്നു. അഭിപ്രായങ്ങൾ രേഖപ്പെടുത്തിയും ഉപദേശ നിർദ്ദേശങ്ങൾ നൽകിയും പിഴവുകൾ നികത്താൻ സഹായിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടും 2026-27 വർഷക്കാലത്തേക്ക് മുൻബാക്കി 5,56,80,107 രൂപയും 21,92,41,534 രൂപ വരവും (പദ്ധതി വിഹിതം ഉൾപ്പെടെ) 38,34,00,000 രൂപ തൊഴിലുറപ്പ് പദ്ധതി വിഹിതവും ഉൾപ്പെടെ 65,83,23,641 രൂപ വരവും 58,00,54,173 രൂപ ചിലവും 7,82,67,468 മിച്ചവും  പ്രതീക്ഷിക്കുന്ന അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ബജറ്റ് ഞാൻ ഇവിടെ അവതരിപ്പിച്ചതായി പ്രഖ്യാപിക്കുന്നു.

| അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് 2026-27 വാർഷിക പദ്ധതി | | | |
|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഫണ്ട് വിഭാഗം | അടങ്കൽ തുക |
| **ഉൽപാദന മേഖല** | | | |
| 1 | ബ്ലോക്ക് പ്രദേശം സൌന്ദര്യ വത്കരണം(വർണ്ണ ഗ്രാമം പദ്ധതി) പൂവിത്തുകൾ,തൈകൾ എന്നിവ വിതരണം ചെയ്യൽ | വികസനഫണ്ട് (ജനറൽ) | 500000 |
| 2 | നെൽകൃഷി കൂലിചെലവ് | വികസനഫണ്ട് (ജനറൽ) | 900000 |
| 3 | സൌരോർജ്ജ വേലി വന്യമൃഗ ശല്ല്യത്തിൽ നിന്ന് കൃഷിയെ സംരക്ഷിക്കൽ | വികസനഫണ്ട് (ജനറൽ) | 800000 |
| 4 | F.P അടിസ്ഥാന സൌകര്യം ഒരുക്കൽ | വികസനഫണ്ട് (ജനറൽ) | 200000 |
| 5 | പച്ചക്കറികൃഷി കൂലി ചെലവ് | വികസനഫണ്ട് (ജനറൽ) | 300000 |
| 6 | കിസാൻ മേള | വികസനഫണ്ട് (ജനറൽ) | 200000 |
| 7 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | വികസനഫണ്ട് (ജനറൽ) | 1000000 |
| 8 | കാലിത്തീറ്റ സബ്സിഡി | വികസനഫണ്ട് (ജനറൽ) | 420000 |
| 9 | വൈക്കോൽ സബ്സിഡി | വികസനഫണ്ട് (ജനറൽ) | 700000 |
| 10 | അരിയാണിപ്പറ്റ കുളം പൂർത്തീകരണം | വികസനഫണ്ട് (ജനറൽ) | 500000 |
| 11 | വലിയതോടിന് വെള്ളക്കെട്ട് ഒഴിവാക്കൽ | വികസനഫണ്ട് (ജനറൽ) | 1000000 |
| 12 | പച്ചക്കറി ഗ്രാമം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ) | 500000 |
| 13 | നടക്കാവുങ്ങൽ പൊതുകുളം പുനരുദ്ധാരണം | വികസനഫണ്ട് (ജനറൽ) | 500000 |
| 14 | കാവനൂർ വെള്ളയിൽകുളം നവീകരണം | വികസനഫണ്ട് (ജനറൽ) | 500000 |
| 15 | ഉമൈൽപാടം കുളം നവീകരണം | വികസനഫണ്ട് (ജനറൽ) | 1000000 |

| | | | |
|---|---|---|---|
| 16 | വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി | വികസനഫണ്ട് (ജനറൽ) | 3600000 |
| 17 | ജനറൽ സംരംഭങ്ങൾക്ക് സബ്സിഡി | വികസനഫണ്ട് (ജനറൽ) | 2130160 |
| 18 | പൊൻപാടം മട്ട കോമൺ ഫെസിലിറ്റി സെൻററിന് അനുബന്ധ സൌകര്യം ഒരുക്കൽ | വികസനഫണ്ട് (ജനറൽ) | 300000 |
| 19 | ചീക്കോട് പഞ്ചായത്ത് ഓമാനൂർ വലിയതോട് വെള്ളക്കെട്ട് ഒഴിവാക്കൽ | വികസനഫണ്ട് (ജനറൽ) | 580000 |
| 20 | എസ്.സി ഗ്രൂപ്പുകൾക്ക് പശുവിതരണം (5 പശുക്കൾ വീതം 20 ഗ്രൂപ്പുകൾ) | വികസന ഫണ്ട് (SCP) | 3000000 |
| 21 | 51% SC കുടുംബാംഗങ്ങളുടെ 2 വീതം വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ യൂണിറ്റ് തുടങ്ങാൻ സബ്സിഡി | വികസന ഫണ്ട് (SCP) | 3000000 |
| 22 | SCകുടുംബങ്ങൾക്ക് പച്ചക്കറി തൈകൾ വിത്തുകൾ എന്നിവയുടെ നഴ്സറി | വികസന ഫണ്ട് (SCP) | 720960 |
| **സേവന മേഖല** | | | |
| 23 | പിഎംഎവൈ വിഹിതം | വികസനഫണ്ട് (ജനറൽ) | 13091800 |
| 24 | ഭിന്നശേഷി സ്കോളർഷിപ്പ് | വികസനഫണ്ട് (ജനറൽ) | 7000000 |
| 25 | ഐകെഎം വിഹിതം | വികസനഫണ്ട് (ജനറൽ) | 200000 |
| 26 | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് | വികസനഫണ്ട് (ജനറൽ) | 300000 |
| 27 | ഈവനിംഗ് ഒപി ഡോക്ടർമാരുടെ വേതനം | വികസനഫണ്ട് (ജനറൽ) | 5000000 |
| 28 | കേരളോത്സവം | വികസനഫണ്ട് (ജനറൽ) | 200000 |
| 29 | 15-ാം പഞ്ചവത്സര പദ്ധതി മുന്നൊരുക്കം | വികസനഫണ്ട് (ജനറൽ) | 300000 |
| 30 | DIGI 2.0 | വികസനഫണ്ട് (ജനറൽ) | 200000 |

| | | | |
|---|---|---|---|
| 31 | ദാരിദ്ര ലഘൂകരണ മൈക്രോപ്ലാൻ പഞ്ചായത്തുകൾക്ക് വിഹിതം | വികസനഫണ്ട് (ജനറൽ) | 800000 |
| 32 | കൂമ്പ്ര അംഗൻവാടി വനിത ഫിറ്റ്നസ് കേന്ദ്രം | വികസനഫണ്ട് (ജനറൽ) | 520960 |
| 33 | വലിയകുന്ന് അംഗനവാടി വനിത ഫിറ്റ്നസ് കേന്ദ്രം | വികസനഫണ്ട് (ജനറൽ) | 500000 |
| 34 | കാഞ്ഞിരം അംഗൻവാടി വനിത ഫിറ്റ്നസ് കേന്ദ്രം | വികസനഫണ്ട് (ജനറൽ) | 500000 |
| 35 | എടവണ്ണ ഗ്രാമപഞ്ചായത്തിലെ കൽപാലം,ഏറിയാട്,കലന്തിയിൽ അംഗൻവാടിളിൽ വനിത ഫിറ്റ്നസ് കേന്ദ്രം | വികസനഫണ്ട് (ജനറൽ) | 921240 |
| 36 | പാവണ്ണ അംഗൻവാടിക്ക് സമീപം വനിത ഫിറ്റ്നസ് കേന്ദ്രം | വികസനഫണ്ട് (ജനറൽ) | 600000 |
| 37 | എക്കാപറമ്പ് അംഗൻവാടിക്ക് മുകളിൽ റൂഫ് നിർമ്മിക്കൽ | വികസനഫണ്ട് (ജനറൽ) | 500000 |
| 38 | വയോസ്മിതം വയോജനങ്ങൾക്കും കുട്ടികൾക്കും ഉല്ലാസ കേന്ദ്രങ്ങൾ സ്ഥാപിക്കലും ഉല്ലാസ യാത്രയും | വികസനഫണ്ട് (ജനറൽ) | 2710000 |
| 39 | വിജ്ഞാന കേരലം ഇന്റേൺ ഹോണറേറിയം | വികസനഫണ്ട് (ജനറൽ) | 150000 |
| 40 | സീതിഹാജി സ്മാരക ജലോത്സവം മൈത്ര കടവ് | വികസനഫണ്ട് (ജനറൽ) | 100000 |
| 41 | തച്ചാംപറമ്പ് ഓപ്പൺ ജിം | വികസനഫണ്ട് (ജനറൽ) | 500000 |
| 42 | അയിന്തൂർ ഓപ്പൺ ജിം | വികസനഫണ്ട് (ജനറൽ) | 500000 |
| 43 | പിഎംഎവൈ വിഹിതം SCP | വികസന ഫണ്ട് (SCP) | 5600800 |
| 44 | പട്ടികജാതി കുട്ടികൾക്ക് പഠനമുറി (SO) | വികസന ഫണ്ട് (SCP) | 3710000 |
| 45 | പട്ടികജാതി കുട്ടികൾക്ക് പഠനമുറി (New) | വികസന ഫണ്ട് (SCP) | 2500000 |
| 46 | വിവാഹ ധനസഹായം ബ്ലോക്ക് വിഹിതം | വികസന ഫണ്ട് (SCP) | 1400000 |

| | | | |
|---|---|---|---|
| 47 | ആക്കപ്പുറം കോളനി കുടിവെള്ള പദ്ധതി റിപ്പയർ | വികസന ഫണ്ട് (SCP) | 500000 |
| 48 | കുന്നിക്കൽ കോളനി കുടിവെള്ള പദ്ധതി | വികസന ഫണ്ട് (SCP) | 510000 |
| 49 | SC ഓഫീസ് ദൈനംദിന ചെലവ് | വികസന ഫണ്ട് (SCP) | 60000 |
| 50 | SC ഓഫീസിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | വികസന ഫണ്ട് (SCP) | 281280 |
| 51 | പിഎംഎവൈ വിഹിതം TSP | വികസന ഫണ്ട് (TSP) | 359800 |
| 52 | വെണ്ടേക്കും പൊയിൽ ST നഗറിൽ കുടിവെള്ള പദ്ധതി | വികസന ഫണ്ട് (TSP) | 507440 |
| 53 | ഓടക്കയം കൊടുമ്പുഴ ST നഗറിൽ കുടിവെള്ള പദ്ധതി | വികസന ഫണ്ട് (TSP) | 500000 |
| **പശ്ചാത്തല മേഖല** | | | |
| 54 | സ്പിൽഓവർ പദ്ധതികൾക്ക് മാറ്റി വെച്ച തുക | വികസനഫണ്ട് (ജനറൽ) | 2600000 |
| 55 | ചെറുകുളം മണ്ണങ്ങാടികുന്ന് റോഡ് ടാറിംഗ് | വികസനഫണ്ട് (ജനറൽ) | 600000 |
| 56 | പന്നിപ്പാറ പള്ളിമുക്ക് റോഡ് പൂർത്തീകരണം | വികസനഫണ്ട് (ജനറൽ) | 400000 |
| 57 | കോട്ടത്തുവക്കാട് റോഡ് പുനരുദ്ധാരണം | വികസനഫണ്ട് (ജനറൽ) | 500000 |
| 58 | ഇരുണക്കുഴി ആമപ്പെട്ടിറോഡ് കലുങ്ക് നിർമ്മാണം | വികസനഫണ്ട് (ജനറൽ) | 500000 |
| 59 | GLPS പുത്തലം ചുറ്റുമതിൽ | വികസനഫണ്ട് (ജനറൽ) | 500000 |
| 60 | മുണ്ടേങ്ങര മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് സ്മാരക വായനശാലയിൽ കോൺഫറൻസ് ഹാൾ | വികസനഫണ്ട് (ജനറൽ) | 850000 |
| 61 | അരീക്കോട് ക്യാമ്പ് റോഡ് നവീകരണം | വികസനഫണ്ട് (ജനറൽ) | 500000 |

| | | | |
|---|---|---|---|
| 62 | അൻവാർ നഗർ തേനേം കടവ് റോഡ് ഡ്രൈനേജ് | വികസനഫണ്ട് (ജനറൽ) | 850000 |
| 63 | മേച്ചേരിപ്പറമ്പ് കൊണ്ടോട്ടി ഗവ.കോളേജ് റോഡ് റീടാറിംഗ് | വികസനഫണ്ട് (ജനറൽ) | 500000 |
| 64 | കാരാപ്പറമ്പ് താന്നിക്കൽ പുൽപ്പറ്റ റോഡ് | വികസനഫണ്ട് (ജനറൽ) | 500000 |
| 65 | പൂക്കുളത്തൂർ ചേലേലകുന്ന് ആശുപത്രി റോഡ് നവീകരണം | വികസനഫണ്ട് (ജനറൽ) | 500000 |
| 66 | കാളമ്പ്രം ചെറുപറമ്പ് റോഡ് | വികസനഫണ്ട് (ജനറൽ) | 500000 |
| 67 | കൂറ്റപ്പാറ കോവിലകം റോഡ് റീടാറിംഗ് | വികസനഫണ്ട് (ജനറൽ) | 500000 |
| 68 | വട്ടഞ്ചേരി അംഗനവാടി തൊഴിൽ യൂണിറ്റിലേയ്ക്ക് തൊഴിലുപകരണങ്ങൾ | വികസനഫണ്ട് (ജനറൽ) | 150000 |
| 69 | എടവണ്ണ പള്ളിമുക്ക് വെസ്റ്റ് പള്ളിക്കുന്ന് മിനിസ്റ്റേഡിയം | വികസനഫണ്ട് (ജനറൽ) | 1000000 |
| 70 | ചെങ്ങര ജിയുപി സ്കൂൾ മുറ്റം ഇന്റർലോക്ക് ചെയ്യൽ | വികസനഫണ്ട് (ജനറൽ) | 500000 |
| 71 | വാലില്ലാപ്പുഴ - ഉമ്മരപ്പാറ റോഡ് (നെരിയംപാറ , മിടുക്കപ്പാറ) കോൺക്രീറ്റ് | വികസനഫണ്ട് (ജനറൽ) | 450000 |
| 72 | കൊഴക്കോട്ടൂർ കളിസ്ഥലം നവൂകരണം | വികസനഫണ്ട് (ജനറൽ) | 500000 |
| 73 | ഒതായി വായനശാല നവീകരണം | വികസനഫണ്ട് (ജനറൽ) | 591800 |
| 74 | മൈത്ര ചുണ്ടത്ത് മറങ്ങോട് റോഡ് വലിയതോട്സൈഡിന് കൈവരി | വികസനഫണ്ട് (ജനറൽ) | 500000 |
| 75 | സ്പിൽഓവർ പദ്ധതികൾക്ക് മാറ്റി വെച്ച തുക | വികസന ഫണ്ട് (SCP) | 1300000 |
| 76 | പാറമ്മൽ കോളനി ശ്മശാനം ചുറ്റുമതിൽ | വികസന ഫണ്ട് (SCP) | 500000 |
| 77 | പൂവത്തിച്ചാൽ കോളനിറോഡ് സൈഡ് കെട്ടൽ | വികസന ഫണ്ട് (SCP) | 500000 |

| | | | |
|---|---|---|---|
| 78 | എസ്.സി നഗർ ഒതായി പെരകമണ്ണ ഹൈസ്കൂൾ ഭാഗം മണ്ണ് ജല സംരക്ഷണം | വികസന ഫണ്ട് (SCP) | 920960 |
| 79 | കുന്നത്തിരി കുട്ടിക്കുന്നുമ്മൽ റോഡ് | വികസന ഫണ്ട് (SCP) | 500000 |
| 80 | കച്ചേരിക്കുന്ന് നഗർ മൂന്നാംപടി കരിപ്പാലി റോഡ് | വികസന ഫണ്ട് (SCP) | 500000 |
| 81 | പാറേച്ചാൽ എസ്സി നഗർ റോഡ് | വികസന ഫണ്ട് (SCP) | 500000 |
| 82 | മടത്തരിക്കുന്ന് എസ്സി നഗർ റോഡ് പൂർത്തീകരണം | വികസന ഫണ്ട് (SCP) | 500000 |
| 83 | കുണ്ടുമണ്ണിൽ നഗർ റോഡ് | വികസന ഫണ്ട് (SCP) | 500000 |
| 84 | ആരക്കോട് നഗർ ആശാരിത്തോട് സൈഡ് കെട്ടൽ | വികസന ഫണ്ട് (SCP) | 500000 |
| 85 | കുണ്ടുതോട് മുരുക്കുംകുറ്റി പെരുമണ്ണാൻ എസ്സി നഗർ ശ്മശാനം ചുറ്റുമതിൽ | വികസന ഫണ്ട് (SCP) | 500000 |
| 86 | മാങ്കുളം ലെല്ലിയായി , വെണ്ടേക്കുംപൊയിൽ പന്നിയാന്മല ST നഗറുകൾക്ക് സോളാർ ലൈറ്റുകൾ | വികസന ഫണ്ട് (TSP) | 431760 |
| 87 | അരീക്കോട് താലൂക്ക് ആശുപത്രിക്ക് മരുന്ന വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് | 2500000 |
| 88 | ഉപകരണങ്ങൽ വാങ്ങലും മെയിന്റനൻസും | മെയിന്റനൻസ് ഗ്രാന്റ് | 100000 |
| 89 | താലൂക്ക് ആശുപത്രി പഴയകെട്ടിടം നവീകരണം | മെയിന്റനൻസ് ഗ്രാന്റ് | 11700000 |
| 90 | താലൂക്ക് ആശുപത്രി ദൈനംദിനചിലവ് | മെയിന്റനൻസ് ഗ്രാന്റ് | 1000000 |
| 91 | എടവണ്ണ ആശുപത്രിക്ക് (ബ്ലോക്ക് സിഎച്ച്സി) ചുറ്റുമതിൽ | മെയിന്റനൻസ് ഗ്രാന്റ് | 500000 |
| 92 | എടവണ്ണ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് | 3500000 |
| 93 | എടവണ്ണ ആശുപത്രിക്ക് ഫിസിയോ തെറാപ്പി ഉപകരണം വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും | മെയിന്റനൻസ് ഗ്രാന്റ് | 500000 |

| | | | |
|---|---|---|---|
| 94 | എടവണ്ണ ആശുപത്രിക്ക് കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ | മെയിന്റനൻസ് ഗ്രാന്റ് | 100000 |
| 95 | എടവണ്ണ ആശുപത്രിക്ക് പുതിയകെട്ടിടം വൈദ്യുതി കരണം | മെയിന്റനൻസ് ഗ്രാന്റ് | 500000 |
| 96 | എടവണ്ണ ബിഎഫ്എച്ച്സി ക്ക് ദൈനം ദിന ചെലവ് | മെയിന്റനൻസ് ഗ്രാന്റ് | 800000 |
| 97 | എടവണ്ണ ആശുപത്രിക്ക് ഗുണമേന്മഉറപ്പുവരുത്തൽ | മെയിന്റനൻസ് ഗ്രാന്റ് | 300000 |
| 98 | കുഴിമണ്ണ എഫ്.എച്ച്.സി മരുന്നുവാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് | 800000 |
| 99 | കുഴിമണ്ണ എഫ്.എച്ച്.സി അറ്റകുറ്റപ്പണി | മെയിന്റനൻസ് ഗ്രാന്റ് | 1500000 |
| 100 | കുഴിമണ്ണ എഫ്.എച്ച്.സി ഫിസിയോ തെറാപ്പി ഉപകരണങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് | 300000 |
| 101 | കുഴിമണ്ണ എഫ്.എച്ച്.സി സോളാർ ബാറ്ററി & വെയിന്റിംഗ് | മെയിന്റനൻസ് ഗ്രാന്റ് | 100000 |
| 102 | കുഴിമണ്ണ എഫ്.എച്ച്.സി ദൈനം ദിന ചിലവ് | മെയിന്റനൻസ് ഗ്രാന്റ് | 500000 |
| 103 | കുഴിമണ്ണ എഫ്.എച്ച്.സി ഇലക്ട്രിക്കൽ & മെയിന്റനൻസ്  പ്രവർത്തനം | മെയിന്റനൻസ് ഗ്രാന്റ് | 500000 |
| 104 | സി.എച്ച്.സി ഊർങ്ങാട്ടിരി മരുന്നുവാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് | 1400000 |
| 105 | സി.എച്ച്.സി ഊർങ്ങാട്ടിരി ഫർണിച്ചർ വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് | 1000000 |
| 106 | സി.എച്ച്.സി ഊർങ്ങാട്ടിരി ഇ ഹെൽത്ത് നടപ്പാക്കൽ | മെയിന്റനൻസ് ഗ്രാന്റ് | 200000 |
| 107 | സി.എച്ച്.സി ഊർങ്ങാട്ടിരി ലാപ് ടോപ് & പ്രിന്റർ | മെയിന്റനൻസ് ഗ്രാന്റ് | 200000 |
| 108 | സി.എച്ച്.സി ഊർങ്ങാട്ടിരി ലാബ് എയർകണ്ടീഷനിംഗ് | മെയിന്റനൻസ് ഗ്രാന്റ് | 200000 |
| 109 | സി.എച്ച്.സി ഊർങ്ങാട്ടിരി ഫിസിയോ തെറാപ്പി ഉപകരണങ്ങൾ | മെയിന്റനൻസ് ഗ്രാന്റ് | 500000 |

| | | | |
|---|---|---|---|
| 110 | സി.എച്ച്.സി ഊർങ്ങാട്ടിരി Qualitty പ്രവർത്തനങ്ങൾക്ക് | മെയിന്റനൻസ് ഗ്രാന്റ് | 200000 |
| 111 | സി.എച്ച്.സി ഊർങ്ങാട്ടിരി ദൈനം ദിന ചിലവ് | മെയിന്റനൻസ് ഗ്രാന്റ് | 700000 |
| 112 | ഓമാനൂർ സി.എച്ച്.സി യിലേക്ക് മരുന്നുവാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് | 1200000 |
| 113 | ഓമാനൂർ സി.എച്ച്.സി യിലേക്ക് ദൈനംദിന ചിലവ് | മെയിന്റനൻസ് ഗ്രാന്റ് | 700000 |
| 114 | അടിസ്ഥാന സൌകര്യ വികസനം | മെയിന്റനൻസ് ഗ്രാന്റ് | 1000000 |
| 115 | ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് | 400000 |
| 116 | എ.ഡി.എ ഓഫീസ് നവീകരണം | മെയിന്റനൻസ് ഗ്രാന്റ് | 300000 |
| 117 | ബ്ലോക്ക് കോൺഫൻസ് ഹാളിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് | 1000000 |
| 118 | ബ്ലോക്ക് കോൺഫൻസ് ഹാൾ വയറിംഗ് പൂർത്തീകരണം | മെയിന്റനൻസ് ഗ്രാന്റ് | 500000 |
| 119 | പന്നിയാന്മല സാംസ്കാരികനിലയം വയറിംഗ് | മെയിന്റനൻസ് ഗ്രാന്റ് | 300000 |
| 120 | ഓമാനൂർ സി.എച്ച്.സി ലബോറട്ടറി എയർകണ്ടീഷനിംഗ് | മെയിന്റനൻസ് ഗ്രാന്റ് | 140000 |
| 121 | ഓമാനൂർ സി.എച്ച്.സി ഫാർമസിയിലേക്ക് ഫ്രിഡ്ജ് | മെയിന്റനൻസ് ഗ്രാന്റ് | 200000 |
| 122 | ഓമാനൂർ സി.എച്ച്.സി ഇലക്ട്രിഫിക്കേഷൻ | മെയിന്റനൻസ് ഗ്രാന്റ് | 200000 |
| 123 | എഡിഎ ഓഫീസിലേക്ക് ദൈനംദിന ചെലവ് | മെയിന്റനൻസ് ഗ്രാന്റ് | 75000 |
| 124 | സിഡിപിഒ ഓഫീസിലേക്ക് ദൈനംദിന ചെലവ് | മെയിന്റനൻസ് ഗ്രാന്റ് | 75000 |
| 125 | സിഡിപിഒ അഡീഷണൽ ദൈനം ദിന ചെലവ് | മെയിന്റനൻസ് ഗ്രാന്റ് | 75000 |

| | | | |
|---|---|---|---|
| 126 | എസ്.സിഡിഒ ഓഫീസിലേക്ക് ദൈനംദിന ചെലവ് | മെയിന്റനൻസ് ഗ്രാന്റ് | 81000 |
| 127 | ക്ഷീരവികസന ഓഫീസിലേക്ക് ദൈനംദിന ചെലവ് | മെയിന്റനൻസ് ഗ്രാന്റ് | 75000 |
| 128 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസിലേക്ക് ദൈനംദില ചെലവ് | മെയിന്റനൻസ് ഗ്രാന്റ് | 25000 |
| 129 | നെല്ലാണി ബദുറഹ്മ കുടിവെള്ളം | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 1300000 |
| 130 | മേലേപറമ്പ് കുടിവെള്ള പദ്ധതി നവീകരണം | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 900000 |
| 131 | പൂക്കുളത്തൂർ കുടിവെള്ള പദ്ധതി ജലസ്രോതസ്സ് നവീകരണവും റൂഫിംഗ് നെറ്റ് സ്ഥാപിക്കലും | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 942500 |
| 132 | ചുണ്ടത്തുംപോയിൽ കുടിവെള്ള പദ്ധതി പൂർത്തീകരണം | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 400000 |
| 133 | പനംപിലാവ് തേക്കുംകാട് കുടിവെള്ള പദ്ധതി പൂർത്തീകരണം | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 200000 |
| 134 | അടൂരപ്പറമ്പ് കുടിവെള്ള പദ്ധതി ചീക്കോട് പഞ്ചായത്ത് | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 500000 |
| 135 | വടശ്ശേരി കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 900000 |
| 136 | പുലരി ജലവിതരണ പദ്ധിതി | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 400000 |
| 137 | അരീക്കോട് ഐ.ടി.ഐ കുട്ടികൾക്ക് ശുചിമുറി നിർമ്മിക്കൽ | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 1000000 |
| 138 | കിഴിശ്ശേരി GLPS ടോയിലറ്റ് നിർമ്മാണം | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 600000 |
| 139 | തെഞ്ചേരി GLPS ൽ ക്ലാസ്സുറി സമാർടാക്കൽ | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 400000 |
| 140 | കൊഴക്കോട്ടൂർ GLPS ടോയിലറ്റ് നിർമ്മാണം | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 600000 |
| 141 | മുറിഞ്ഞമാട് ടൂറിസം പ്രോജക്ട് -ഖരമാലിന്യ നിർമ്മാജ്ജനവും സൌന്ദര്യവൽകരണവും | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 1500000 |

| | | | |
|---|---|---|---|
| 142 | മാലിന്യനിർമ്മാജ്ജനത്തിനു വേസ്റ്റ് ബിൻ നിർമ്മിക്കൽ | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 1000000 |
| 143 | വെള്ളേരി അണ്ടികട്ടിച്ചാൽ റോഡ് ഐറിഷ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 500000 |
| 144 | ചോലക്കൽ വെള്ളേരത്ത് റോഡ് റീടാറിംഗ് പൂർത്തീകരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 400000 |
| 145 | മേച്ചേരി പറമ്പ് ഗവ. കോളേജ് റോഡ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 800000 |
| 146 | പുളിയാക്കോട് സ്കൂൾ റോഡ് പുനരുദ്ധാരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 500000 |
| 147 | പോത്തൻക്കോട് നീരുഴി അംഗനവാടി കുടിവെള്ളം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 500000 |
| 148 | കൂട്ടാവ് ചെമ്പാറ വെങ്ങര റോഡ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 500000 |
| 149 | മൈത്ര കുളിക്കടവുകൾ നവീകരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 600000 |
| 150 | ആലുക്കൽ സാക്ഷരത ഭവൻ ഭിന്നശേഷി സൌഹൃദമാക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 300000 |
| 151 | കോലാർകുന്ന് കുടിവെള്ളം റിപ്പയൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 200000 |
| 152 | GLPS പത്തനാപുരം പാചകപ്പുര പുനരുദ്ധാരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 500000 |
| 153 | കൈതക്കുന്ന് മൂച്ചിക്കുണ്ട് കർഷകറോഡ് സൈഡ് കെട്ടിഉയർത്തൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 600000 |
| 154 | മൂച്ചിക്കുന്ന് റോഡ് കൾവർട്ട്നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 400000 |
| 155 | കാവനൂർ മിനിസ്റ്റേഡിയം ഇരുമ്പു നെറ്റ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 500000 |
| 156 | ചേന്നായ്ക്കുന്ന് - കരുവാരക്കോട് റോഡ് പുനരുദ്ധാരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 600000 |
| 157 | കുണ്ടുതോട് മൂലത്ത് പറമ്പ് കുളിക്കടവ് സ്റ്റെപ്പ് നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാനം) | 500000 |

# Areekkode Block Development Office

## Form 1

2026-2027 NEW BUDGET

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| | **Opening Balance** | | **48335500** | **55680107** |
| | **Revenue Receipt - 1** | | | |
| | **Fees and User Charges - 140** | | | |
| 1 | 1402003 Other Penalities and Fines | | 29000 | 35000 |
| | **Total Fees and User Charges** | | **29000** | **35000** |
| | **Sale and Hire Charges - 150** | | | |
| 2 | 1501101 Receipts from Sale of Forms | | 800000 | 1000000 |
| | **Total Sale and Hire Charges** | | **800000** | **1000000** |
| | **Revenue Grants, Contributions and Subsidies - 160** | | | |
| 3 | 1601023 General Purpose Fund | | 8867000 | 10558000 |
| | **Total Revenue Grants, Contributions and Subsidies** | | **8867000** | **10558000** |
| | **Interest Earned - 171** | | | |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 4 | 1711001 Interest from Bank Accounts | | 0 | 10000 |
| | **Total Interest Earned** | | **0** | **10000** |
| | **Rental Income - LB Properties - 130** | | | |
| 5 | 1302003 Rent from Buildings | | 42000 | 50000 |
| | **Total Rental Income** | | **42000** | **50000** |
| | **Total Revenue Receipt** | | **9738000** | **11653000** |
| | **Capital Receipt - 2** | | | |
| | **Grants, Contribution for Specific Purposes - 320** | | | |
| 6 | 3201004 Central Finance Commission Grant - Tied | | 25691787 | 0 |
| 7 | 3201005 Central Finance Commission Grant - Untied | | 12151901 | 18475000 |
| 8 | 3201011 Prime Minister S Awas Yojana (PMAY) - General | | 18720000 | 18863600 |
| 9 | 3201020 Intergrated Child Development Service | | 362536 | 0 |
| 10 | 3201027 Swaccha Bharat Mission - Grameen | | 1600000 | 1600000 |
| 11 | 3201049 NABARD - RIDF | | 12000000 | 12000000 |
| 12 | 3202001 Development Fund - General | | 91248228 | 65459000 |
| 13 | 3202002 Development Fund - Special Component Plan | | 26145086 | 28004000 |
| 14 | 3202003 Development Fund - Tribal Sub-Plan | | 1720000 | 1799000 |
| 15 | 3202010 Maintenance Fund - Non-Road Assets | | 44606186 | 35946000 |
| 16 | 3202027 Grants For Specific Purposes - Election | | 3122994 | 0 |
| 17 | 3202031 Grant for Keralotsavam | | 0 | 10000 |
| 18 | 3203001 Grant from Other Government Agencies | | 10000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 19 | 3208010 Beneficiary Contribution | | 4950000 | 2500000 |
| 20 | 3209001 Contribution to Joint Venture Projects from District Panchayat | | 0 | 11760000 |
| 21 | 3209003 Contribution to Joint Venture Projects from Grama Panchayat | | 0 | 8400000 |
| | **Total Grants, Contribution for Specific Purposes** | | **242328718** | **204816600** |
| | **Deposits Received - 340** | | | |
| 22 | 3401003 Retention | | 148567 | 0 |
| | **Total Deposits Received** | | **148567** | **0** |
| | **Redemption - 431** | | | |
| 23 | 4315002 Receivables from Government (redemption amount) | | 8250635 | 0 |
| | **Total Redemption** | | **8250635** | **0** |
| | **Loans, Advances and Deposits - 460** | | | |
| 24 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 1600000 | 1800000 |
| | **Total Loans, Advances and Deposits** | | **1600000** | **1800000** |
| | **Total Capital Receipt** | | **252327920** | **206616600** |
| | **Revenue Expenditure - 3** | | | |
| | **Establishment Expenses - 210** | | | |
| 25 | 2101004 Salaries - Contract Staff | | 409760 | 500000 |
| 26 | 2101101 Wages | | 1000000 | 1000000 |
| 27 | 2101201 Bonus | | 15000 | 25000 |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 28 | 2101501 Festival Allowance | | 0 | 5000 |
| 29 | 2102001 Travelling Allowances - Secretary | | 5000 | 7500 |
| 30 | 2102003 Travelling Allowances - Permanent Staff | | 35000 | 40000 |
| 31 | 2102004 Travelling Allowances - Temporary Staff | | 5000 | 7500 |
| 32 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | | 2200000 | 3000000 |
| 33 | 2102016 Other Benefits and Allowances | | 6300 | 6300 |
| 34 | 2102018 Spectacle Allowance | | 0 | 7500 |
| 35 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | | 65000 | 75000 |
| 36 | 2102020 Telephone Allowance - Secretary | | 0 | 4000 |
| | **Total Establishment Expenses** | | **3741060** | **4677800** |
| | **Administrative Expenses - 220** | | | |
| 37 | 2201101 Office Electricity Expenses | | 45000 | 45000 |
| 38 | 2201102 Water Charges - Office | | 30000 | 35000 |
| 39 | 2201201 Telephone Expenses/ Internet Charges | | 10000 | 15000 |
| 40 | 2201202 Postage Expenses | | 5000 | 7500 |
| 41 | 2202001 Books & Periodicals | | 5000 | 6000 |
| 42 | 2202101 Printing & Stationery | | 90000 | 100000 |
| 43 | 2204001 Insurance | | 20000 | 0 |
| 44 | 2204002 Insurance - Vehicles | | 0 | 30000 |
| 45 | 2205101 Miscellaneous Legal Expenses | | 0 | 50000 |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 46 | 2205201 Professional & Other Fees | | 32000 | 32000 |
| 47 | 2208001 Festival Expenses | | 0 | 100000 |
| 48 | 2208005 Donations And Contributions As Per Government Order | | 77000 | 100000 |
| | **Total Administrative Expenses** | | **314000** | **520500** |
| | **Operation and Maintenance - 230** | | | |
| 49 | 2301002 Fuel Charges | | 200000 | 210000 |
| 50 | 2301003 Electricity Charges of Other Buildings of LB | | 0 | 20000 |
| 51 | 2304001 Vehicle Hire Charges | | 5000 | 5000 |
| 52 | 2305301 Repairs & Maintenance - Vehicles | | 100344 | 125000 |
| 53 | 2305902 Repairs & Maintenance - Office Equipments | | 70000 | 75000 |
| 54 | 2308013 Sanitation Expenses | | 0 | 25000 |
| 55 | 2308201 Refreshment Charges | | 200000 | 250000 |
| | **Total Operation and Maintenance** | | **575344** | **710000** |
| | **Interest and Finance Charges - 240** | | | |
| 56 | 2407001 Bank Charges | | 0 | 1000 |
| 57 | 2408001 Other Finance Expenses | | 130000 | 150000 |
| | **Total Interest and Finance Charges** | | **130000** | **151000** |
| | **Programe Expenses - 250** | | | |
| 58 | 2501001 Election Expenses | | 3122994 | 50000 |
| | **Total Programe Expenses** | | **3122994** | **50000** |
| | **Expenses Related to Productive Sector - 251** | | | |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 59 | 2510101 Agriculture - Paddy | | 200000 | 0 |
| 60 | 2510131 Agriculture Development - Infrastructure Facilities | | 4500000 | 0 |
| 61 | 2510132 Agriculture Related Facilities | | 400000 | 0 |
| 62 | 2510305 Dairy Development - Milk Incentives | | 2600000 | 0 |
| 63 | 2510615 Financial Assistance to co-operative societies | | 400000 | 0 |
| 64 | 2510801 Soil Conservation | | 2208270 | 0 |
| 65 | 2510802 Water Conservation | | 3192593 | 0 |
| 66 | 2511301 Self Employment and Marketing Promotion | | 6000000 | 0 |
| | **Total Expenses Related to Productive Sector** | | **19500863** | **0** |
| | **Expenses Related to Service Sector - 252** | | | |
| 67 | 2520107 Education-Related Activities | | 3640000 | 0 |
| 68 | 2520503 Arts,Culture,Sports and Youth Welfare-Promotion | | 460000 | 0 |
| 69 | 2520602 Health related Programs | | 2900002 | 0 |
| 70 | 2520618 Medical Institution - Allopathy | | 24439051 | 0 |
| 71 | 2520702 Drinking Water - Public | | 4263887 | 0 |
| 72 | 2520801 Housing & House Electrification - Individual | | 73200000 | 0 |
| 73 | 2520903 Women Welfare | | 411853 | 0 |
| 74 | 2520904 Welfare of the Aged | | 100000 | 0 |
| 75 | 2520905 Welfare Programs for the Destitute | | 200000 | 0 |
| 76 | 2520906 Welfare Programs for Physically/ Mentally Challenged | | 8398452 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 77 | 2521101 Anganwadi Infrastructure | | 307357 | 0 |
| 78 | 2521201 Vocational Capacity Building - Vocational Training | | 150000 | 0 |
| 79 | 2521601 Local Government Service Delivery Improvement | | 490000 | 0 |
| 80 | 2521602 Payments to IKM | | 97813 | 0 |
| 81 | 2521701 Allied Institution Service Delivery Improvement | | 1000000 | 0 |
| 82 | 2521903 Public Sanitation - Related Activities | | 14349216 | 0 |
| 83 | 2522001 Plan Formulation, Implementation and Monitoring | | 150000 | 0 |
| | **Total Expenses Related to Service Sector** | | **134557631** | **0** |
| | **Expenses Related to Infrastructure Sector - 253** | | | |
| 84 | 2530102 Office Electrification | | 5500777 | 0 |
| 85 | 2530301 Public Buildings - Local Government Office Building | | 1534251 | 0 |
| 86 | 2530302 Public Buildings - Other Buildings | | 4829010 | 0 |
| 87 | 2530402 Other Constructions - Side Walls | | 920016 | 0 |
| 88 | 2530502 Hiring of vehicles for office purposes | | 550000 | 5000 |
| | **Total Expenses Related to Infrastructure Sector** | | **13334054** | **5000** |
| | **Prior Period Items - 280** | | | |
| 89 | 2808001 Prior Period Expenses | | 861949 | 0 |
| 90 | 2808002 Prior Period Expenses - Remittance of Unutilized Grants to Government | | 16230 | 0 |
| | **Total Prior Period Items** | | **878179** | **0** |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| | **Total Revenue Expenditure** | | **176154125** | **6114300** |
| | **Capital Expenditure - 4** | | | |
| | **Refund of Deposits - 340** | | | |
| 91 | 3401003 Retention | | 149148 | 0 |
| | **Total Refund of Deposits** | | **149148** | **0** |
| | **Fixed Assets - 410** | | | |
| 92 | 4101001 Land | | 1000000 | 0 |
| 93 | 4101002 Grounds | | 500000 | 0 |
| 94 | 4101008 Public well | | 3339250 | 0 |
| 95 | 4101009 Public pond | | 770014 | 0 |
| 96 | 4102002 Administrative Buildings | | 3583858 | 0 |
| 97 | 4102005 Hospital Buildings | | 10879780 | 0 |
| 98 | 4102008 School Buildings | | 1447563 | 0 |
| 99 | 4102011 Public Comfort Stations | | 500000 | 0 |
| 100 | 4102016 Other Buildings | | 32801869 | 0 |
| 101 | 4102017 Compound Wall | | 1273338 | 0 |
| 102 | 4102018 Stadium | | 1100000 | 0 |
| 103 | 4102019 Free Style Open Gym | | 2350000 | 0 |
| 104 | 4103001 Concrete Roads | | 4068655 | 0 |
| 105 | 4103002 Black Topped Roads | | 8140003 | 0 |
| 106 | 4103006 Mud Roads | | 220777 | 0 |
| 107 | 4103099 Other Constructions | | 936974 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for the Current year | Budget for next year |
|---|---|---|---|---|
| 108 | 4103201 Check Dam | | 1073092 | 0 |
| 109 | 4106002 Computers, Printers & Peripherals | | 265374 | 0 |
| 110 | 4107001 Furniture, Fixtures, Fittings & Electrical Appliances | | 500000 | 0 |
| 111 | 4108001 Other Fixed Assets | | 2027493 | 0 |
| | **Total Fixed Assets** | | **76778040** | **0** |
| | **Loans, Advances and Deposits - 460** | | | |
| 112 | 4605004 Temporary Advances for Official Purposes | | 40000 | 0 |
| 113 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 1600000 | 1800000 |
| | **Total Loans, Advances and Deposits** | | **1640000** | **1800000** |
| | **Total Capital Expenditure** | | **78567188** | **1800000** |
| | **Total Expenditure** | | **254721313** | **7914300** |
| | **Total Receipts** | | **262065920** | **218269600** |
| | **Balance** | | **55680107** | **266035407** |

അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്
ഐ.എസ്.ഒ. 9001:2015 സർട്ടിഫൈഡ്
Ph: 0483 2850047 email:bpoakd@gmail.com